"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- ഉന്നതി - പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണത്തിനുള്ള മാനദണ്ഡങ്ങൾ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.190/2024/SCSTD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. സ. ഉ (സാധാ) നം 1602/2016/പജപവവിവ തീയതി 24/10/2016
2. സ. ഉ (സാധാ) നം 1072/2016/പജപവവിവ തീയതി 06/08/2016
3. സ. ഉ (സാധാ) നം 2469/2017/പജപവവിവ തീയതി 28/09/2017
4. സ. ഉ (സാധാ) നം 783/2018/പജപവവിവ തീയതി 09/07/2018
5. സ.ഉ.(സാധാ)നം.760/2022/പജപവവിവ തീയതി 13.07.2022
6. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 12.10.2023 ലെ SCDD/299/2023-A1 (EDN A) നമ്പർ കത്ത്
7. പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറുടെ 31.12.2023 ലെ : STDD/1382/2023-C3 നമ്പർ കത്ത്

**ഉത്തരവ്**

2016-17 അധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വാങ്ങുന്നതിന് അനുവദിക്കുന്ന സ്കോളർഷിപ്പിനുള്ള നിബന്ധനകളും വ്യവസ്ഥകളും ചുവടെ ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മാനദണ്ഡങ്ങൾ**

- കോഴ്സിന്റെ ഒന്നാം അദ്ധ്യയന വർഷത്തിൽ പഠിയ്ക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്ടോപ്പ് വാങ്ങുന്നതിന് സ്കോളർഷിപ്പിനു അർഹത ഉണ്ടായിരിക്കുക

- AISHE CODE/ UDISE CODE ഉള്ള ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ (Institutions of National Importance)/സെൻട്രൽ/സ്റ്റേറ്റ്/ യു.ജി.സി അംഗീകാരമുള്ള കോളേജുകൾ, കേന്ദ്ര /സംസ്ഥാന സർക്കാർ അംഗീകാരമുള്ള ഡിപ്ലോമ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളിൽ (Diploma granting Institutions as recognised by State/Central

**Governments)**പഠിക്കുന്ന അനുബന്ധം ആയി കൊടുത്തിട്ടുള്ള കോഴ്സുകൾ പഠിയ്ക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. മെറിറ്റ്/ റിസർവേഷനിൽ അഡ്മിഷൻ ലഭിക്കുന്നവരെ മാത്രമാണ് ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള സ്കോളർഷിപ്പിന് പരിഗണിക്കേണ്ടത്.

- പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികള് ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന സ്കോളർഷിപ്പ് ലഭിക്കുന്നവരായിരിക്കണം.

- വിദ്യാർത്ഥികൾക്ക് ആധാർ സീഡ് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ ഉണ്ടായിരിക്കേണ്ടതാണ്.

- സ്കോളർഷിപ്പ് തുക ഇ-ഗ്രാന്റ്സ് പോർട്ടൽ/ഇ-റുപ്പീ മുഖേന അനുവദിക്കുന്നതാണ്.

- രണ്ടാം വർഷം ലാറ്ററൽ എൻട്രി വഴി അഡ്മിഷൻ ലഭിച്ച എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

- കുടുംബ വാർഷിക വരുമാനം 5 ലക്ഷം വരെയുള്ളവർക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

- വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ഒറ്റ തവണ 30,000/- (മുപ്പതിനായിരം മാത്രം) രൂപ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

- തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നോ / മറ്റ് ഗവ. വകുപ് /ഏജൻസികളിൽ നിന്നോ ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ളവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കുന്നതല്ല.

- 2024-25 വർഷം തന്നെ e-grantz3.0 പോർട്ടൽ/ഇ-റുപി സംവിധാനം മുഖേന ലാപ്ടോപ്പ് സ്കോളർഷിപ്പ് തുക അനുവദിക്കുന്നതിനുള്ള നടപടികൾ ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്. ലാപ്ടോപ്പ് വാങ്ങുന്നതിനു സ്കോളർഷിപ്പ് അനുവദിക്കുന്നതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റുള്ള എല്ലാ ഉത്തരവുകളും ഇതിനാൽ റദ്ദാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി.റ്റി.ജോയി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്

ഉന്നതവിദ്യാഭ്യാസ വകുപ്പ്.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Asha Madhu
Date: 16-03-2024 14:26:20

**അനുബന്ധം (കോഴ്സുകൾ)**

- പോളിടെക്നിക്- ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ സയൻസ് , ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ എൻജിനിയറിംഗ്, ഡിപ്ലോമ ഇൻ ഇൻഫർമേഷൻ ടെക്നോളജി, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനിയറിംഗ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്കിംഗ്, ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി

- എം.ബി.എ, എം.സി.എ, എം.എസ്.ഡബ്ല്യൂ
- എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി വി &എസ് സി
- എം.എസ്.സി (എല്ലാ വിഷയവും)
- പി.എച്ച്.ഡി/എം.ഫിൽ
- ബി. ടെക്, ബി.ആർക്ക്, എം.ടെക്
- എൽ.എൽ.ബി, എൽ.എൽ.എം
- ബികോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ / വൊക്കേഷണൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ കമ്പ്യൂട്ടർ സയൻസ്)
- ബി.എസ്.സി(കമ്പ്യൂട്ടർ സയൻസ്) , ബി.എസ്.സി. (ബയോടെക്നോളജി), ബി.എസ്.സി(ഫിഷറീസ്), ബി.എസ്.സി (ഐ.റ്റി), ബി.സി.എ
- കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് (വിങ്സ് പദ്ധതി പ്രകാരം അഡ്മിഷൻ ആകുന്നവർക്ക്)
- ബി.എ. (അനിമേഷൻ & ഗ്രാഫിക് ഡിസൈനിംഗ്), ബി.എ (മാസ് കമ്മ്യൂണിക്കേഷൻ), ബി.എ (ട്രാവൽ &ടൂറിസം മാനേജ്മെന്റ്) , ബാച്ചിലർ ഓഫ് മൾട്ടിമീഡിയ കമ്മ്യൂണിക്കേഷൻ, ബാച്ചിലർ ഓഫ് ടൂറിസം സ്റ്റഡീസ്)
- ചാർട്ടേഡ് അക്കൗണ്ടന്റ് - (ഇന്റർമീഡിയറ്റ്; ഫൈനൽ കോഴ്സ് പഠിക്കുന്നവർക്ക്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയിൽ നിന്നും ഇന്റർമീഡിയേറ്റ്/ ഫൈനൽ കോഴ്സ് പഠിക്കുന്നുവെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്)
- കമ്പനി സെക്രട്ടറി - (എക്സിക്യൂട്ടിവ് പ്രൊഫഷണൽ പ്രോഗ്രാം പഠിക്കുന്നവർക്ക്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറി ഓഫ് ഇന്ത്യയിൽ നിന്നും എക്സിക്യൂട്ടിവ്;

പ്രൊഫഷണൽ പ്രോഗ്രാം പഠിക്കുന്നുവെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക്)

- കോസ്റ്റ് ആന്റ് വർക്ക്സ് അക്കൗണ്ടന്റ് - (ഇന്റർമീഡിയറ്റ്/ഫൈനൽ കോഴ്സ് പഠിക്കുന്നവർക്ക്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയിൽ നിന്നും ഇന്റർമീഡിയറ്റ് /ഫൈനൽ കോഴ്സ് പഠിക്കുന്നവെന്ന സർട്ടിഫിക്കറ്റ്ഹാജരാക്കുന്ന മുറയ്ക്ക്)

- ബി ടെക് റോബോട്ടിക്ക് & ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബി ടെക് കംപ്യൂട്ടർ സയൻസ് & ഡിസൈൻസ്, എം ടെക് ഇലക്ട്രിക്കൽ ഡ്രൈവ്സ് ആൻറ് കൺട്രോൾ, എം ടെക് സ്ട്രക്ചറൽ എൻജിനീയറിങ്.